# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.5573 — 18/11/2019-ൽ മറുപടിക്ക്

### കാൻസർ രോഗപ്രതിരോധത്തിനുള്ള അവബോധം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.ബി.ഗണേഷ് കുമാർ | | കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പുമന്ത്രി) | |
| എ) | കാൻസർ രോഗം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ, പുതു തലമുറയിൽ കാൻസർ രോഗ പ്രതിരോധത്തിനുള്ള അവബോധം വളർത്തുന്നതിനായി സ്കൂൾ- കോളേജ് തലങ്ങളിൽ രോഗപ്രതിരോധമാർഗ്ഗങ്ങൾ പാഠ്യ പദ്ധതിയിൽ ഉൾപ്പെടുത്തിക്കുവാൻ ആരോഗ്യ വകുപ്പ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ വിശദാംശങ്ങൾ എന്തൊക്കെയെന്നും അറിയിക്കാമോ; | എ) & ബി) | വിദ്യാർത്ഥികൾക്കിടയിൽ കാൻസർ രോഗത്തെക്കുറിച്ചുള്ള അവബോധം വളർത്തുന്നതിനും കാൻസറിലേക്ക് നയിക്കുന്ന ജീവിതശൈലിയിൽ നിന്ന് വിദ്യാർത്ഥികളെ പിൻതിരിപ്പിക്കുന്നതിനും സംസ്ഥാന ആരോഗ്യ വകുപ്പ് വിവിധ തരത്തിലുള്ള ആരോഗ്യ പരിപാടികൾ സ്കൂൾ കോളേജുകൾ കേന്ദ്രീകരിച്ച് നടപ്പിലാക്കി വരുന്നു. ആരോഗ്യ ബോധവൽക്കരണ ക്ലാസുകൾ, എക്സിബിഷനുകൾ, ലഘുലേഖകൾ സ്കൂളുകളിലെ എൻ.എസ്,എസ് യൂണിറ്റുകളുടെ സഹായത്തോടുകൂടിയുള്ള കാൻസർ awareness ക്യാമ്പുകൾ എന്നിവ എല്ലാ സാമ്പത്തിക വർഷവും ആരോഗ്യ വകുപ്പിന്റെ കാൻസർ കെയർ ഫണ്ട് ഉപയോഗിച്ച് നടത്തി വരുന്നുണ്ട്. |
| ബി) | ഇല്ലെങ്കിൽ വരുംതലമുറയുടെ ആരോഗ്യ സംരക്ഷണത്തിനുള്ള ഏറ്റവും ശക്തമായ ഒരു അവബോധമാർഗ്ഗം എന്ന നിലയിൽ സർക്കാർ ഇക്കാര്യം അനുകൂലമായി പരിഗണിക്കുമോ;വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ